(5) കണ്ണൂരിലെ താവക്കര റോഡിന്റെ പണി

ശ്രീ. പി. ഭാസ്കരൻ : സർ, കണ്ണൂർ നഗരത്തെ ബാധിച്ച ഒരു കാൻസർ രോഗത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കണ്ണൂർ റെയിൽവേ സ്റ്റേഷനു തൊട്ടുകിടക്കുന്ന താവക്കര റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ പ്രവർത്തനത്തിന് മൂന്ന് വർഷത്തിനു മുമ്പ് മഹാനായ സി. എച്ച്. മുഹമ്മദ്കോയ തറക്കല്ലിട്ടു. അതിന്റെ പ്രവർത്തനം പൂർത്തിയായിട്ടില്ല. രണ്ടു മാസമായി അതിന്റെ പ്രവർത്തനം നിറുത്തിവച്ചിരിക്കുകയാണ്. 1039 പേർ ഒപ്പുവച്ച ഭീമ ഹർജി മുഖ്യമന്ത്രിക്കും അതുപോലെ പൊതുമരാമത്തു വകുപ്പുമന്ത്രിക്കും അതിന്റെ ഉൽഘാടന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ഇ. അഹമ്മദ് അവർകൾക്കും സമർപ്പിച്ചതാണ്. കണ്ണൂർ ടൗണിലേക്കു പോകുന്ന താവക്കര പ്രദേശത്തുള്ള ആളുകളുടെ യാത്ര തടസ്സപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മഹാനായ സി. എച്ച്. മുഹമ്മദ് കോയയുടെ പേരിൽ സ്മാരകറോഡായി മാറുന്നതിനുവേണ്ടിയെങ്കിലും ഇതിന്റെ പ്രവർത്തനം ആരംഭിക്കണമെന്നാണ് എനിക്ക് പൊതുമരാമത്തു വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അഞ്ചുവർഷമൊന്നും ആയില്ല. 3-11-1983-ലാണ് ഒരു കോടിയിൽപ്പരം രൂപ എസ്റ്റിമേറുള്ള ഇതിന്റെ വർക്കിന് ഭരണാനുമതി നൽകിയത്. 20-3-1984-ൽ അപ്രോച്ച് റോഡിന്റെ പണി ചെയ്യാനുള്ള അനുവാദം നൽകി പണി ആരംഭിച്ചു. അപ്രോച്ച് റോഡിന്റെ മൺവേല പൂർത്തിയായിട്ടുണ്ട്. അണ്ടർ ബ്രിഡ്ജിന്റെ പണി റെയിൽവേയാണ് ചെയ്യേണ്ടത്. റോഡിനുവേണ്ടി സ്ഥലം കിട്ടാനുള്ള താമസംകൊണ്ടാണ് കാലതാമസമുണ്ടായതെന്നാണ് അറിയുന്നത്. മൺവേല നടന്നുകൊണ്ടിരിക്കുമ്പോൾ ഗതാഗതത്തിന് സ്വാഭാവികമായി അസൗകര്യം നേരിടാറുണ്ട്. മഴ കാരണം പണി ഇടയ്ക്ക് നിർത്തി വയ്ക്കേണ്ടിവന്നിട്ടുണ്ട്. പണി പുനരാരംഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(6) തൊട്ടിൽപ്പാലം സബ്ട്രഷറി ആഫീസിന്റെ കെട്ടിടം

ശ്രീ. കെ. ടി. കണാരൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട തൊട്ടിൽപ്പാലം സബ്ട്രഷറി ഇന്ന് പ്രവർത്തിക്കുന്നത് ഒരു പാമ്പിൻകൂടുമാതിരിയുള്ള ആഫീസിലാണ്. കഴിഞ്ഞ അഞ്ചാറു വർഷക്കാലമായി പ്രവർത്തിക്കുന്ന ഈ ആഫീസ് പഞ്ചായത്ത് ബിൽഡിംഗിലേക്ക് മാറാൻ ആവശ്യമായ പ്രൊപ്പോസലുണ്ടായിരുന്നു. അതെല്ലാം സജ്ജീകൃതമായിരിക്കുകയാണ്. ആ പഞ്ചായത്ത് ബിൽഡിംഗിന്റെ പണി പൂർത്തിയായിരിക്കുകയാണ്. അതിൽ മാറാനുള്ള ചെറിയ ഒരു സാങ്കേതിക നടപടി മാത്രമേ ഇനി ആവശ്യമുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആ സബ് ട്രഷറി ആഫീസ് മാറുന്ന കാര്യത്തിൽ പ്രത്യേക നടപടി സ്വീകരിക്കണമെന്ന് ഞാൻ താഴ്മയായി അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള ബുദ്ധിമുട്ട് ഞാൻ മനസ്സിലാക്കുന്നു. പക്ഷെ പാമ്പിൻകൂടൊന്നും അവിടെയില്ല. എനിക്കുതന്നെ അത് അറിയാവുന്ന കാര്യമാണ്. എത്രയും വേഗം പുതിയ കെട്ടിടത്തിലേക്ക് മാറാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly